മൂടാടിയിലെ കെൽട്രോൺ ഫാക്ടറി

683. [959] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൂടാടിയിലെ കെൽട്രോൺ ഫാക്ടറിയിൽ ഇതേവരെ എത്ര ടെലിവിഷൻ സെറ്റുകൾ നിർമ്മിച്ചു ;

(ബി) പുതുതായി എന്തെല്ലാം വികസന പരിപാടികളാണ് ഈ ഫാക്ടറിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇതേവരെ 12,231 ടെലിവിഷൻ സെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ടി. വി. സെറ്റുകൾ വൻതോതിൽ ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു ആധുനിക ഫാക്ടറി ഇവിടെ സ്ഥാപിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ കെൽട്രോൺ ടി. വി.

684. [960] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കെൽട്രോൺ ടി. വി. സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വനഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക്

685. [963] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം ജില്ല തിരിച്ച് എത്ര ഏക്കർ വീതം എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

റവന്യൂ ജില്ല തിരിച്ചുള്ള വനവിസ്തൃതി ലഭ്യമല്ല. വന ഡിവിഷനുകളുടെയും റവന്യൂ ജില്ലകളുടേയും അതിരുകളിൽ താദാത്മ്യം ഇല്ലാത്തതിനാൽ ഓരോ റവന്യൂ ജില്ലയിലും എത്ര വനഭൂമിയുണ്ടെന്ന് കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. പല വന ഡിവിഷനുകളും രണ്ടോ മൂന്നോ റവന്യൂ ജില്ലകളിൽപ്പെടുന്നുണ്ട്.

വനസംരക്ഷണ നടപടി

686. [964] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വന സംരക്ഷണത്തിന് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനും കൂടുതൽ നവീന സജ്ജീകരണങ്ങളും സാമഗ്രികളും വാങ്ങിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly